# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7751

23-07-2012 ൽ മറുപടിക്ക്

## വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ; | എ) പ്രത്യേകിച്ച് മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാൽ, പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിന്, നിലവിലുള്ള റെയ്ഞ്ചുകളുടെ വിസ്തൃതി, ഭൂപ്രകൃതിയുടെ പ്രത്യേകത, അബ്കാരി കുറ്റകൃത്യങ്ങളുടെ എണ്ണം, പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ എണ്ണം, നിലവിലുള്ള അബ്കാരി ലൈസൻസുകളുടെ എണ്ണം, റെയ്ഞ്ച് പരിധിയിലുള്ള അന്തർ-സംസ്ഥാന പാതകളുടെ എണ്ണം എന്നിവ പൊതുമാനദണ്ഡമായി നിശ്ചയിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് ആവശ്യമുണ്ടോ ;<br>ഡി) എങ്കിൽ പ്രസ്തുത ഓഫീസ് അനുവദിക്കുമോ ; വ്യക്തമാക്കുമോ ? | സി)യും ഡി)യും പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന വിഷയം അപഗ്രഥിക്കുവാൻ പ്രാപ്തമാകുന്ന രീതിയിൽ, വിശദമായി പൊതു മാനദണ്ഡങ്ങൾ നിശ്ചയിച്ച് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ